**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വികാസ് ഭവൻ, തിരുവനന്തപുരം-695033

**ഇമെയിൽ:** cru.agridir@kerala.gov.in, ഫോൺ: 0471-2304481

നം: ADFW/11081/2024-AD1 തീയതി :25-10-2024

**<u>സർക്കുലർ</u>**

വിഷയം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്- eTR5 വഴി സ്വീകരിച്ച പണം സർക്കാരിലേയ്ക്ക് അടവാക്കുന്നത്-സംബന്ധിച്ച്

സൂചന:- TRY/5199/2023 - ETRY 3 പ്രകാരമുള്ള ട്രഷറി ഡയറക്ടറുടെ 30/08/2024 ലെ കത്ത്

സംസ്ഥാനത്ത് നികുതിയേതരവരുമാനം (Non-Tax Revenue) വർധിപ്പിക്കുന്നതിനും നിലവിലുള്ള വരുമാനം കൃത്യമായി അടവാക്കുന്നതിനും കർശനനിർദ്ദേശം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കൃഷിവകുപ്പിന്റെ അധീനതയിൽ വരുന്ന വരുമാനം ലഭിക്കുന്ന സേവനങ്ങൾക്കും വിവിധ സ്ഥാപനങ്ങളിൽ, മറ്റു തരത്തിലും ലഭ്യമാകുന്ന പണം അതാതു ദിവസമോ, തൊട്ടടുത്ത ദിവസമോ, ട്രഷറിയിൽ ഒടുക്കി വരുന്നില്ലയെന്നകാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. വിവിധയിനങ്ങളിൽ ഇത്തരത്തിൽ ലഭ്യമാകുന്ന ധനസമാഹരണം കൃത്യമായി ട്രഷറിയിൽ അടവാക്കാത്ത സാഹചര്യം ഗുരുതരമായ വീഴ്ചയായി കാണേണ്ടി വരുമെന്ന അറിയിക്കുന്നു. സർക്കാരിന്റെ റവന്യൂ വരുമാനമായി കണക്കാക്കുന്ന ഇത്തരത്തിലുള്ള തുകകൾ യാതൊരു കാരണവശാലും ഓഫീസിലോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയോ കൈയ്യിലോ സമയ പരിധി കഴിഞ്ഞ് സൂക്ഷിക്കാൻ പാടുള്ളതല്ല . ആയതിലുള്ള വീഴ്ച ഗൗരവമായി കാണുന്നതും അച്ചടക്ക നടപടി എടുക്കുന്നതിനുള്ള മതിയായ കാരണമായി കാണുന്നതുമായിരിക്കും. 2024 ജൂലൈ മാസം വരെയുള്ള E-TR5 വരവ് പരിശോധിച്ചതിൽ കൃഷിഓഫീസിനു കീഴിലെ വിവിധ ഓഫീസുകൾ ഇടപാടുകാരിൽ നിന്നും E-TR5 വഴി സ്വീകരിച്ച നിരവധി തുകകൾ (Receipt) സർക്കാരിലേക്ക് ഒടുക്കു വരുത്താതെ ഓഫീസുകളിൽ തന്നെ സൂക്ഷിച്ചിരിക്കുന്നതായി ട്രഷറി ഡയറക്ടർ കൃഷി വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ നികുതിയേതര വരുമാനമിനത്തിൽ സ്വീകരിക്കുന്ന വിവിധ തുകകൾ (സംഖ്യകൾ) യാതൊരു വീഴ്ചയും കൂടാതെ ട്രഷറിയിൽ അടവാക്കുന്നതിനുള്ള നടപടികൾ നിർവഹിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. ഇതിൽ ഉണ്ടാകുന്ന വീഴ്ച ഉചിത മാർഗ്ഗേന കണ്ടെത്തുന്ന പക്ഷം, പ്രസ്തുത കാര്യത്തിനു നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥനെതിരെ സാമ്പത്തിക ക്രമക്കേട് എന്ന നിലയ്ക്കുള്ള അച്ചടക്ക നടപടി സ്വീകരിക്കുന്നതായിരിക്കും. ഇതുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് കൃഷി ഡയറക്ടറേറ്റിലെ നോഡൽ ഓഫീസറെ (അക്കൗണ്ട്സ് ഓഫീസർ III ,ഫോൺ നമ്പർ: 9895010309 ) ബന്ധപ്പെടാവുന്നതാണ് . ഈ സർക്കുലർ തീയതി മുതൽ ഈ നടപടികൾ നടപ്പിൽ വന്നതായി കണക്കാക്കാവുന്നതാണ് .

Sd/-

B. ASOKAN

**വിജിലൻസ് ഓഫീസർ /**

**സീനിയർ ഫിനാൻസ് ഓഫീസർ** (i/c)

കൃഷി ഡയറക്ടർക്കു വേണ്ടി

പകർപ്പ്:

1) എല്ലാ പ്രിൻസിപ്പൽകൃഷി ഓഫീസർമാർക്കും

2) എല്ലാ ഫാം സൂപ്രണ്ട്മാർക്കും (പി എ ഓ മുഖേന )

3) കൃഷിഡയറക്ടറുടെ നേരിട്ട് നിയന്ത്രണത്തിലുള്ള മറ്റ മേലധികാരികൾക്കും

4) ഓഡിറ്റ് / വിജിലൻസ് സെക്ഷൻ

4) IT Cell (വെബ്സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിനു വേണ്ടി )

5) കരുതൽ ഫയൽ

ആജ്ഞാനുസരണം

Kavitha

അക്കൗണ്ട്സ് ഓഫീസർ (III)

**KAVITHA MOHANDAS**
Accounts Officer
Agricultural Development & Farmers
Welfare Department
Bhavan, Thiruvananthapuram-33